"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതു മേഖലാ സ്ഥാപനമായ മത്സ്യഫെഡ് ഉല്പാദിപ്പിക്കുന്ന "ന്യൂട്രിഫിഷ്" ജൈവവളം കൃഷി ആവശ്യത്തിന് വാങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1152/2024/LSGD തീയതി,തിരുവനന്തപുരം, 28-06-2024

പരാമർശം:-

1. 13.06.2009ലെ 39932/ഡി.എ1/2008/തസ്വഭവ നമ്പർ സർക്കുലർ
2. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
3. മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറുടെ 13.12.2022, 05.10.2023, 04.01.2024 തീയതികളിലെ മത്സ്യഫെഡ്/എം.1/7011/88 Vol - II നമ്പർ കത്തുകൾ
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ന് നടന്ന യോഗത്തിന്റെ തീരുമാനം 3.18, 4.28

**ഉത്തരവ്**

മത്സ്യവളം (ജൈവവളം) മത്സ്യഫെഡ് നിശ്ചയിക്കുന്ന വിലയിൽ ടെൻഡർ നടപടി കൂടാതെ വാങ്ങാവുന്നതാണെന്ന്, തദ്ദേശ മത്സ്യകൃഷി മേഖലയിൽ പ്രൊജക്റ്റ് നടപ്പാക്കുന്നതിന് മത്സ്യഫെഡിന്റെ സാങ്കേതിക സഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച പരാമർശം 1 സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്. പൊതു മേഖലാ സ്ഥാപനമായ മത്സ്യഫെഡിന്റെ ഉടമസ്ഥതയിൽ തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ രണ്ടു ജൈവവള നിർമ്മാണ യൂണിറ്റുകളിലായി "ന്യൂട്രിഫിഷ്" എന്ന ബ്രാൻഡിൽ ജൈവവളം ഉൽപാദിപ്പിക്കുന്നുണ്ട്. പരാമർശം 2 സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യാവുന്ന ജൈവവളങ്ങളുടെ കൂട്ടത്തിൽ മത്സ്യഫെഡിന്റെ ന്യൂട്രിഫിഷ് ഉൾപ്പെടുത്തിയിട്ടില്ല. പരാമർശിത സർക്കുലർ പ്രകാരം മത്സ്യഫെഡിന്റെ ജൈവവളം വാങ്ങാൻ ടെൻഡർ നടപടി ആവശ്യമില്ലാത്തതുകൂടി പരിഗണിച്ച്, മത്സ്യഫെഡിന്റെ ന്യൂട്രിഫിഷ് ജൈവവളം മുൻഗണന നൽകി വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 6.1.1 പ്രകാരം കൃഷി ആവശ്യത്തിന് ജൈവ വളം വാങ്ങി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. മത്സ്യഫെഡ് പൊതുമേഖലാ സ്ഥാപനമായതിനാൽ, മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നവയോടൊപ്പം മത്സ്യഫെഡ് ഉല്പാദിപ്പിക്കുന്ന ജൈവവളമായ 'ന്യൂട്രിഫിഷ്' കൂടി ഖണ്ഡിക 6.1.1-ൽ ഉൾപ്പെടുത്തിയും, ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കി കൃഷി ആവശ്യത്തിന്

'ന്യൂട്രിഫിഷ്' വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

3. മേൽ ഭേദഗതിയോടെ പരാമർശിത മാർഗ്ഗരേഖ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഫിഷറീസ് വകുപ്പ്
11. മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. മത്സ്യബന്ധന വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 28-06-2024 17:16:13

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്